പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2260 23-03-2012 ന് മറുപടിയ്ക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. രാജു എബ്രഹാം :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. കെ. കുഞ്ഞിരാമൻ : (2ൂ2) | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പ് മന്ത്രി ) |
| എ) ജനവാസകേന്ദ്ര ങ്ങളിലേക്കും കൃഷിസ്ഥല ങ്ങളിലേക്കും വന്യമൃഗങ്ങൾ ഇറങ്ങുന്നതു മൂലമുള്ള നാശനഷ്ടങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത് ; | എ) ജനവാസകേന്ദ്രങ്ങളിലേക്കും കൃഷിസ്ഥലങ്ങളിലേക്കും വന്യമൃഗങ്ങൾ ഇറങ്ങുന്നതു മൂലമുള്ള നാശനഷ്ടങ്ങൾ തടയുന്നതിന് താഴെ പറയുന്ന നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടത്.<br>1. ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>2. സൗരോർജ്ജ – വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3. കയ്യാലകളുടെ നിർമ്മാണം.<br>4. എലിഫന്റ് സ്ക്വയറിംഗ് സ്ക്വാഡുകളുടെ പ്രവർത്തനം.<br>5. ആനകളുടെ സഞ്ചാരപഥം പുനസ്ഥാപിക്കുന്നതിന് ആനത്താര പദ്ധതിയിൻ കീഴിൽ സ്വകാര്യസ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.<br>6. വന്യജീവി സങ്കേതങ്ങ ളിനുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന വരിൽ മറ്റിടങ്ങളിലേക്ക് മാറി താമസിക്കാൻ സന്നദ്ധ രായവരെ മാറ്റി പാർപ്പിക്കുന്ന തിനുള്ള നടപടി.<br>7. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുക.<br>8. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിനും |

ആവശ്യമായ നടപടികളുടെ പദ്ധതി രൂപീകരണം.

9. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ് പോൺസ് ടീമുകളുടെ രൂപീകരണം.
10. വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്ന തിനുള്ള അനുമതി.

| | |
|---|---|
| ബി) അടുത്ത കാലത്തായി വന്യമൃഗ ങ്ങളുടെ ആക്രമണം മൂലം വിദ്യാർത്ഥി കളടക്കം നിരവധി പേർക്ക് മരണം സംഭവിക്കുകയും മാരകമായി പരിക്കേൽക്കുകയും ചെയ്തു സംബന്ധിച്ച് എന്തെങ്കിലും കണക്കുകൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ; | ബി) വിവരം ശേഖരിച്ചു വരുന്നു. |
| സി) വന്യമൃഗങ്ങളുടെ ആക്ര മണം തടയുന്നതിന് വനം വകുപ്പ് ജീവന ക്കാരുടെ കുറവ് അനുഭവപ്പെടുന്നതായി കരുതുന്നുണ്ടോ ; | സി) ഉണ്ട്. |
| ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | ഡി) സാമ്പത്തിക ബാദ്ധ്യതയുടെ പരിമിതി കൾക്കുള്ളിൽ നിന്നുകൊണ്ട് ഈ സർക്കാർ താഴെ പറയുന്ന നടപടികൾ പുതുതായി കൈക്കൊണ്ടു.<br>റാപ്പിഡ് റെസ് പോൺസ് ടീമുകളുടെ ആവശ്യ ത്തിനായി 5 ഡെപ്യൂട്ടി റെയിഞ്ചർ, 10 ഫോറസ്റ്റർ, 20 ഫോറസ്റ്റ് ഗാർഡ്, 10 ഡ്രൈവർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചു. |

സെക്ഷൻ ഓഫീസർ